# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 465 * | 22.07.2015-ൽ മറുപടിക്ക്

## മത്സ്യക്കുഞ്ഞുങ്ങളുടെ സംരക്ഷണവും മത്സ്യസമ്പദ് വ്യവസ്ഥയുടെ പുനരുജ്ജീവനവും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.അജിത്<br>ശ്രീ.പി.തിലോത്തമൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.വി.ശശി | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യക്കുഞ്ഞുങ്ങളുടെ സംരക്ഷണം ഉറപ്പാക്കാനും മത്സ്യ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിട്യൂട്ട് തയ്യാറാക്കിയ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ; | (ബി) | പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | വൻകിട ഫിഷ് പ്ലാന്റുകളിലേക്കും വളം ഫാക്ടറികളിലേക്കും മത്സ്യക്കുഞ്ഞുങ്ങളെ കടത്തിക്കൊണ്ടുപോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (സി) | വൻകിട ഫിഷ് പ്ലാന്റുകളിലേക്കും വളം ഫാക്ടറികളിലേക്കും മത്സ്യക്കുഞ്ഞുങ്ങളെ കടത്തിക്കൊണ്ടുപോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വളത്തിനായും മറ്റും ചെറുമീനുകളെ കടത്തിക്കൊണ്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഇപ്രകാരമുള്ള യാനം ഇംപൗണ്ട് ചെയ്യുകയും ആവശ്യമായ ശിക്ഷണ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. ഇപ്രകാരം ചെറുമീനുകളെ പിടിയ്ക്കുന്നത് തടയുന്നതിനായി പിടിയ്ക്കാവുന്ന മത്സ്യത്തിന്റെ ഏറ്റവും കുറഞ്ഞ അളവ് നിജപ്പെടുത്തി പ്രസ്തുത വലിപ്പത്തിൽ കുറഞ്ഞ മത്സ്യങ്ങളെ പിടിയ്ക്കുന്നത് നിരോധിക്കുന്നതിനായി KMFR Act -ൽ ഭേദഗതി വരുത്തുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1. എക്സ്ക്ലൂസീവ് എക്കണോമിക് സോണിൽ (കടലിലെ 200 നോട്ടിക്കൽ മൈൽ വരെയുള്ള പ്രദേശം) നടപ്പിലാക്കി വരുന്ന സീസണൽ ഫിഷിംഗ് നിരോധനം 47 ദിവസത്തിൽ നിന്നും 61 ദിവസമായി വർദ്ധിപ്പിക്കുക
2. തീരദേശ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും പ്രവർത്തിപ്പിക്കുന്ന പരമ്പരാഗത നോൺ – മേട്ടോറൈസ്ഡ് യാനങ്ങൾ ഒഴികെയുള്ള പഴ്സ് സീനേഴ്സും റിംഗ് സീനേഴ്സും ഉൾപ്പെടെയുള്ള എല്ലാ യാനങ്ങൾക്കും പ്രസ്തുത നിരോധനം ബാധകമാക്കുക ;
3. എക്സ്ക്ലൂസീവ് എക്കണോമിക് സോണിൽ വിദേശ യാനങ്ങൾ ഒളിച്ചു കടന്നു മീൻ പിടിക്കുന്നത് കർശനമായി നിയന്ത്രിക്കുക. അയൽ രാജ്യങ്ങളുമായി ചർച്ച നടത്തി നമ്മുടെ സീസണൽ മത്സ്യബന്ധന നിരോധനം സംബന്ധിച്ചും അതിരുകൾ സംബന്ധിച്ചും മറ്റ് റഗുലേഷനുകൾ സംബന്ധിച്ചും ബോദ്ധ്യപ്പെടുത്തി ആയത് നടപ്പിലാക്കി വിഭവങ്ങൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.
4. പിടിയ്ക്കാവുന്ന മത്സ്യങ്ങളുടെ ഏറ്റവും കുറഞ്ഞ വലിപ്പം വലകളുടെ കണ്ണിവലിപ്പം സംബന്ധിച്ച റഗുലേഷനുകൾ ലൈസൻസിംഗ്, മെക്കനൈസ്ഡും മോട്ടോറൈസ്ഡും ആയ ബോട്ടുകൾ പ്രവർത്തിപ്പിക്കുന്നതിനും വിവിധ തരത്തിലുള്ള യാനങ്ങൾ മത്സ്യബന്ധനം നടത്തുന്നതിനുള്ള നിയന്ത്രണങ്ങൾ തുടങ്ങിയവ കർശനമായി നടപ്പിലാക്കുക.
5. ഇന്ത്യൻ ഫിഷറീസിന്റെ ഓരോ പ്രദേശത്തിനെയും അടിസ്ഥാനമാക്കിയുള്ള ആവശ്യകതകൾ മുന്നിൽ കണ്ടു കൊണ്ടുള്ള പരിഷ്ക്കരണം മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ടുകളിൽ കൊണ്ടു വരുക. അത് കൊണ്ടു വരുന്നത് മത്സ്യത്തൊഴിലാളി സമൂഹവുമായും സ്റ്റേക്ക് ഹോൾഡേഴ്സു മാരുമായും കൂടിയാലോചിച്ചു കൊണ്ടായിരിക്കണം .
6. വിഭവപരിപാലനം കോ–മാനേജ്മെന്റ് സമീപനത്തിലൂടെ സമൂഹപങ്കാളിത്തം എന്നിവ പ്രോത്സാഹിപ്പിക്കുക. ഇത് സംസ്ഥാനത്തിന്റെ ഭരണപരമായ ബാദ്ധ്യത കുറയ്ക്കുകയും വിഭവ പരിപാലനത്തിൽ സമൂഹത്തിനുാകേ പങ്ക് വർദ്ധിപ്പിക്കുകയും ചെയ്യും.
7. അയൽ സംസ്ഥാനങ്ങളുമായി സഹകരിച്ചുകൊണ്ട് തീരദേശ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും വല നിയന്ത്രണങ്ങൾ നടപ്പിലാക്കുക. മേഖലാടിസ്ഥാനത്തിലോ പ്രാദേശികാടിസ്ഥാനത്തിലോ ഉണ്ടാകുന്ന പ്രശ്നങ്ങൾ (ഉദാ : കരിക്കാടി) നയപരമായ തീരുമാനങ്ങളിലൂടെ ശാസ്ത്രീയമായി അവലോകനം ചെയ്തു അതിന്റെ നേട്ടങ്ങൾ കണക്കാക്കുക.
8. വിഭവങ്ങൾ ചൂഷണം ചെയ്യുന്നതിൽ സുസ്ഥിരത ഉറപ്പാക്കുന്നതിന് ഫിഷറീസ് ഡയറക്ടറേറ്റിലെ ജീവനക്കാർക്ക് കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകളും മത്സ്യത്തൊഴിലാളി കൾക്ക് കപ്പാസിറ്റി അവെയർനസ്സ് ബിൽഡിംഗ് പ്രോഗ്രാമുകളും നടപ്പിലാക്കുക.

Anilkumar
സെക്രട്ടറി